# THE MADHYAMAM DAILY
# THIRUVANANTHAPURAM EDITION
# DECEMBER 13, 2013

www.madhyamam.com
മാധ്യമം
Estd: 1987
പുസ്തകം 27
ലക്കം 200
പേജ് 14
വില 5.00 രൂപ

## ദന്ത വിത്തുകോശ ശേഖരണം കേരളത്തിലേക്കും

എ. സക്കീർ ഹുസൈൻ

തിരുവനന്തപുരം: പ്രമേഹം, കാൻസർ തുടങ്ങിയ പാരമ്പര്യരോഗങ്ങളുടെ ചികിത്സക്ക് പല്ലിൽനിന്ന് വിത്തുകോശങ്ങൾ. ഇപ്പോൾ, പൊക്കിൾകൊടി (കോഡ്ബാങ്ക്) വഴിയുള്ള വിത്തുകോശ ശേഖരണമാണ് നിലവിലുള്ളത്. ദന്ത വിത്തുകോശം ചികിത്സാരംഗത്ത് വലിയ കുതിച്ചുചാട്ടത്തിന് വഴിതെളിക്കും. ദന്ത വിത്തുകോശ ശേഖരണം പ്രാരംഭഘട്ടത്തിലാണിപ്പോൾ. കോഡ്ബാങ്ക് ശേഖരണരംഗത്ത് വഴിത്തിരിവ് സൃഷ്ടിച്ച ആശയത്തിൻെറ തുടക്കക്കാരായ സ്റ്റെമെയ്ഡ് ബയോടെക് ആണ് ഇതിനും തുടക്കമിട്ടിരിക്കുന്നത്. ദൽഹി ആസ്ഥാനമായ സ്ഥാപനം കേരളത്തിലും ഇപ്പോൾ ശ്രദ്ധകേന്ദ്രീകരിക്കുകയാണ്. കുട്ടികളുടെ കൊഴിഞ്ഞുപോകുന്ന പാൽപ്പല്ലുകളിലും അതിന് ശേഷം വരുന്ന പല്ലുകളിലും ഈ വിത്ത് കോശങ്ങൾ കണ്ടുവരുന്നു. പറിഞ്ഞ പല്ലുകളുടെ സ്ഥാനത്ത് വരുന്ന സ്ഥിരം പല്ലുകളിൽ 30 വയസ്സുവരെ ഇത് കാണും. പൊക്കിൾകൊടി ശേഖരണത്തിന് സാധിക്കാത്തവർക്ക് ദന്ത വിത്തുകോശ സംരക്ഷണം മികച്ച അവസരമാണ്. പല്ലിൻെറ ഉൾഭാഗത്തുള്ള ജീവനുള്ള കോശഭാഗമായ ഡെൻറൽ പൾപ്പിൽ നിന്ന് വിത്തുകോശം ശേഖരിക്കാം.

പല്ലിൻെറ പ്രീമോളാർ ഭാഗത്തും ഈ രൂപത്തിലുള്ള വിത്തുകോശങ്ങൾ ഉണ്ടാകാം. അണപ്പല്ലിന് തൊട്ട് മുന്നിലുള്ള പല്ലുകളിലാണ് ഇവ ഉണ്ടാവുക. പ്രായം കൂടുന്തോറും പല്ലിലെ വിത്തുകോശങ്ങളുടെ ഗുണമേന്മയും അളവും കുറയും.

മൈനസ് 150 ഡിഗ്രി സെൽഷ്യസിൽ താപനില സൂക്ഷിക്കുന്ന ക്രയോജനിക് ടാങ്കുകളിലാണ് കോശങ്ങൾ സൂക്ഷിക്കുന്നത്. 70 വർഷം വരെ സൂക്ഷിക്കാനാവും. ഈ വിത്തുകോശങ്ങൾ കുട്ടിയുടെ ഭാവി ആരോഗ്യത്തിനുള്ള സുരക്ഷിത വഴിയും ഒട്ടേറെ രോഗങ്ങൾ ഭേദമാക്കാൻ സഹായിക്കുകയും ചെയ്യും. ഒരു ദാതാവിൻെറ ആവശ്യമില്ലാതാക്കാൻ ഇതുവഴി കഴിയും എന്നതാണ് സവിശേഷത.

കുട്ടികളുടെ പാൽപ്പല്ലുകൾ കൊഴിയുമ്പോൾ അതിൽനിന്ന് ഇത് ശേഖരിക്കാം. പ്രായപൂർത്തിയായവരിൽ അവരുടെ പ്രീമോളാർ പല്ല് നീക്കുമ്പോൾ ഇത് ശേഖരിക്കാൻ കഴിയും.

യൂറോപ്പിലെ മികച്ച ബയോടെക്നോളജി കമ്പനിയായ ഇൻസ്റ്റിറ്റ്യൂട്ട് ക്ലിനിഡെൻറിൽനിന്നാണ് സ്റ്റെമെയ്ഡ് ബയോടെക് ഈ നൂതനാശയം സ്വന്തമാക്കിയത്. ഇന്ത്യയിലെ ഏറ്റവും വലിയ കോഡ് ബാങ്കായ ചെന്നൈയിലെ ലൈഫ് സെൽ ഇൻറർനാഷനലിൻെറ പരിസരത്ത് ഇതിനായി കേന്ദ്രം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിൽ ദന്ത വിത്തുകോശ സംരക്ഷണ മേഖലയിൽ സ്റ്റെമെയ്ഡ് വലിയ സാധ്യതയാണ് കാണുന്നതെന്ന് മാനേജിങ് ഡയറക്ടർ ശൈലേഷ് ഗാദ്രേ പറഞ്ഞു. കൊച്ചി, തൃശൂർ തുടങ്ങിയ നഗരങ്ങളിൽ ശേഖരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ദന്തരോഗ വിദഗ്ധൻ ഡോ. തോമസ് മാഞ്ഞൂരാൻ ഉൾപ്പെടെ 15 ഡോക്ടർമാരുമായി കരാറുണ്ടാക്കിയിട്ടുണ്ട്. കേരളത്തിൽ ഇതിനകം 3000 പേർ ദന്ത വിത്തുകോശ സംരക്ഷണത്തിന് താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആറുമാസത്തിനകം അത് ഇരട്ടിയാകുമെന്നാണ് പ്രതീക്ഷ.